# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 19, വൈകുന്നേരം 6 മണി

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധമായി ഒന്നായി ചേർക്കുന്നു.

## ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഒരാൾക്ക് രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു - ഇന്ന് 166 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 31173 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 30936 പേർ വീടുകളിലും 237 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 2921 സാമ്പിളുകൾ പരിശോധിച്ചതിൽ 2342 സാമ്പിളുകൾ നെഗറ്റീവ് ആണ്. മാത്രമല്ല കൂടുതൽ പരിശോധനാ കേന്ദ്രങ്ങൾ അനുവദിക്കണമെന്ന കേരളത്തിന്റെ അഭ്യർത്ഥനയുടെ ഫലമായി ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട്, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങൾക്ക് കോവിഡ് 19 പരിശോധന നടത്തുവാൻ കേന്ദ്രം അനുമതി നൽകി. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. രോഗം സ്ഥിരീകരിച്ച് കോട്ടയം മെഡിക്കൽ കോളെജിൽ ചികിത്സയിലുള്ള വൃദ്ധ ദമ്പതിമാരുടെ ആരോഗ്യ സ്ഥിതി തൃപ്തികരമാണ്. എന്നാൽ അവരുടെ പുന;പരിശോധനാ ഫലങ്ങൾ നെഗറ്റീവ് ആയിട്ടില്ല. വിദേശങ്ങളിൽ നിന്നും വരുന്നവരുടെ വിശദാംശങ്ങൾ വിമാനത്താവളങ്ങളിൽ നിന്ന് ശേഖരിച്ചതിന്റെ കണക്ക് അദ്ദേഹം വ്യക്തമാക്കി. നിലവിൽ ചികിത്സയിൽ ഉള്ളവരുമായി സമ്പർക്കം പുലർത്തിയവരുടെ കണക്കും അദ്ദേഹം പറഞ്ഞു. കോവിഡ് 19 കോൾ സെന്ററുകളിൽ ദിനം പ്രതി വരുന്ന കോളുകളുടെ ജില്ല തിരിച്ചുള്ള കണക്കും അദ്ദേഹം വ്യക്തമാക്കി. മൂന്നു ജില്ലകളിലെ ഈ കണക്കുകൾ അപഗ്രഥിച്ചതിൽ നിന്നും വീടുകളിൽ ഏതു തരത്തിൽ നിരീക്ഷണത്തിൽ തുടരണമെന്നും എന്തെല്ലാം പ്രതിരോധ നടപടികൾ സ്വയം സ്വീകരിക്കണമെന്നും കൂടുതൽ അന്വേഷണം നടത്തുന്നതായി കണ്ടെത്തി. കെ എം എസ് സി എൽ ലിൽ നിലവിൽ ശേഖരത്തിലുള്ള വ്യക്തി സുരക്ഷാ ഉപകരണങ്ങളുടെ കണക്കും അദ്ദേഹം പറഞ്ഞു. ജില്ലകളിൽ നിലവിലുള്ള വോളന്റിയർ ഗ്രൂപ്പുകളുടെയും അവർ എത്ര വീടുകൾ സന്ദർശിച്ചു എന്നതിന്റെ കണക്കും അദ്ദേഹം വ്യക്തമാക്കി.

സാനിറ്റൈസർ നിർമ്മിച്ചു നൽകാമെന്നു പറഞ്ഞ മദ്യകമ്പനിക്ക് അസംസ്കൃത സാധനങ്ങൾ കെ എസ് ഡി പി എൽ വഴി ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. അതിനുശേഷം ചീഫ് സെക്രട്ടറി സെക്രട്ടറിമാരുടെ മീറ്റിംഗിലെ അഭിപ്രായങ്ങൾ യോഗത്തെ അറിയിച്ചു.

## ചീഫ് സെക്രട്ടറി

ഇന്ന് ബ്രിട്ടീഷ് ഹൈക്കമ്മീഷണർ അദ്ദേഹത്തിനോട് സംസ്ഥാനത്ത് എത്ര ബ്രിട്ടീഷ് പൗരന്മാർ നിരീക്ഷണത്തിലുണ്ട് എന്ന് അന്വേഷിച്ചിരുന്നു. എന്നാൽ വ്യക്തമായ കണക്കുകൾ അപ്പോൾ ലഭ്യമായിരുന്നില്ല. കൂടാതെ വിവരങ്ങൾ തത്സമയം ലഭിക്കുന്നതിന് പ്രളയകാലഘട്ടത്തിൽ ഉണ്ടായിരുന്നതുപോലെ ഒരു മോഡൽ ആവശ്യമാണ്. ഇത് ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് നടപ്പിൽ വരുത്തും.

വിമാനത്താവളങ്ങളിലെ ആഗമന ടെർമിനലിൽ ആണ് ഇപ്പോൾ തെർമൽ സ്കാനറുകൾ നിലവിലുള്ളത്. ഇതിൽ കുറച്ച് പുറപ്പെടൽ ടെർമിനലിൽ കൂടെ സ്ഥാപിക്കണമെന്ന അഭിപ്രായവും ഉയർന്നിട്ടുണ്ട്. പരിശീലനം സിദ്ധിച്ച ജീവനക്കാരെയും അവിടെ നിയോഗിക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പ് അതിനുവേണ്ട നടപടികൾ സ്വീകരിക്കണം. പ്രതിസന്ധിഘട്ടങ്ങളെ നേരിടുന്നതിന് ജില്ലകളിൽ ഒരു പ്ലാൻ ഉണ്ടാകണമെന്ന് ബഹു. മുഖ്യമന്ത്രി ഇന്നലെ നിർദ്ദേശിച്ചിരുന്നു. കേന്ദ്രഗവൺമെന്റ് ഇത്തരത്തിൽ ഒരു പ്ലാൻ 2019 ൽ പുറത്തിറക്കിയിട്ടുണ്ട്. ഈ മാതൃകയിൽ എല്ലാ ജില്ലകളിലും പ്ലാൻ ഉണ്ടാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും.

സാമൂഹ്യ അകലം പാലിക്കുന്നത് കുറച്ചു കൂടി കാര്യക്ഷമമാക്കണം. അതുപോലെ വകുപ്പുകളിൽ ഷിഫ്റ്റായി ജോലി നോക്കുന്നതും വീടുകളിൽ തന്നെ ഇരുന്ന് ജോലി ചെയ്യുന്നതുമായ സമ്പ്രദായങ്ങൾ കൊണ്ടുവരണമെന്നുമുള്ള അഭിപ്രായങ്ങൾ സെക്രട്ടറിതല മീറ്റിംഗിൽ ഉയർന്നിട്ടുണ്ട് എന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. ഈ കാര്യങ്ങളിൽ നാളെ തീരുമാനം എടുക്കാമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

## പ്രിൻസിപ്പൽ സെക്രട്ടറി (ഉന്നത വിദ്യാഭ്യാസം)

യു ജി സി യും മിക്ക യൂണിവേഴ്സിറ്റികളും പരീക്ഷകൾ മാറ്റി വയ്ച്ചിട്ടുണ്ട്. ജെ ഇ ഇ , നീറ്റ് തുടങ്ങിയ പരീക്ഷകളും മാറ്റി വച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ പരീക്ഷകളും മാറ്റിവയ്ക്കേണ്ടതുണ്ടോ എന്ന് തീരുമാനമെടുക്കണമെന്ന് മുഖ്യമന്ത്രിയോട് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പരീക്ഷാ പേപ്പറുകളുടെ മൂല്യനിർണ്ണയം അധ്യാപകർക്ക് വീടുകളിൽ വച്ച് നടത്താവുന്നതാണെന്ന് വ്യക്തമാക്കി.

മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കുശേഷം മുഖമന്ത്രി അദ്ദേഹത്തിന്റെ തീരുമാനങ്ങൾ അറിയിച്ചു.

1. ചാൻസലർ നേരിട്ട് അന്വേഷിച്ച് സാഹചര്യങ്ങൾ വിലയിരുത്തിയതിനാൽ പരീക്ഷകൾ മാറ്റിവക്കണ്ടതില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചു.
2. കൊടുങ്ങല്ലൂർ ഭരണി നാളെ മുതൽ ആരംഭിക്കുന്നതിനാൽ ക്ഷേത്രത്തിലെ തിരക്കു പരിഗണിച്ച് അത് നിയന്ത്രിക്കുവാൻ മറ്റു ജില്ലകളിൽ നിന്നു വരുന്നവരുടെ എണ്ണം കുറയ്ക്കുവാൻ ജില്ലാ ഭരണകൂടം ശ്രദ്ധിക്കണം. കോമരങ്ങളുടെ സംഘ

ടന ഇതുമായി സഹകരിക്കും. ക്ഷേത്രത്തിലെ പ്രധാന കോമരവും ഇതുമായി സഹകരിക്കാമെന്നും അറിയിച്ചു.

3. പെൻഷനേഴ്സ് അസോസിയേഷനുമായി ചർച്ച നടത്താമെന്ന് അദ്ദേഹം അറിയിച്ചു.
4. പൊതുജനങ്ങൾക്ക് സാമ്പത്തികമാന്ദ്യം അനുഭവപ്പെടാനുള്ള സാഹചര്യമുള്ളതിനാൽ രണ്ടു മാസത്തെ ക്ഷേമപെൻഷൻ മാർച്ച് മാസത്തിൽ തന്നെ അനുവദിച്ചുകൊടുക്കാമെന്നും ഇതിനുവേണ്ടി 1320 കോടി രൂപ സഹകരണമേഖലയിൽ നിന്നും കണ്ടെത്തമെന്നും ഈ തുക ഏപ്രിൽ മാസം തന്നെ തിരികെ നൽകാമെന്നും അദ്ധേഹം അറിയിച്ചു.
5. ഏപ്രിൽ മേയ് മാസങ്ങളിൽ ഓരോ മാസവും 1000 കോടി രൂപ വീതവമുള്ള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലക്കും. 10,000 മുതൽ 25,000 രൂപ വരെ ഇതിനായി ലോൺ അനുവദിക്കാമെന്നും അദ്ദേഹം അിറയിച്ചു.
6. ഈ മാസം തന്നെ സാമൂഹ്യ സുരക്ഷാ പെൻഷൻ രണ്ടു മാസത്തെ പെൻഷൻ തുകയായി 1320 കോടി രൂപ നൽകും. അതൊടൊപ്പം 50 ലക്ഷം ആൾക്കാരെ സാമൂഹ്യ സുരക്ഷ പെൻഷൻ പരിധിയിൽ കൊണ്ടുവരും
7. ഒരു മാസത്തെ ഭക്ഷ്യ ധാന്യങ്ങൾ എ പി എൽ ബി പി എൽ വ്യത്യാസം ഇല്ലാതെ 10 കിലോ നൽകും. ഇതിനായി 100 കോടി രൂപ വേണ്ടി വരും
8. പ്രളയകാലത്ത് അനുവദിച്ച പോലെ 2000 കോടി രൂപ കൺസ്യൂമർ ലോണായി അനുവദിക്കാമെന്ന് ഇതിന്റെ പലിശ സർക്കാർ തന്നെ കണ്ടെത്താമെന്ന് അദ്ദേഹം അറിയിച്ചു.
9. ക്ഷേമപെൻഷന് അർഹമായ കുടുംബങ്ങൾക്ക് 50 ലക്ഷം രൂപ വേണ്ടിവരുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.
10. ക്ഷേമപെൻഷന് അർഹരല്ലാത്ത അന്ത്യോദയ ബി.പി.എൽ കുടുംബങ്ങൾക്ക് ആയിരം രൂപ വീതം നൽകാമെന്നും ഇതിനായി 100 കോടി രൂപ വേണ്ടിവരും.
11. ഒരു മാസത്തെ ഭക്ഷ്യ ധാന്യങ്ങൾ എ പി എൽ ബി പി എൽ വ്യത്യാസം ഇല്ലാതെ 10 കിലോ നൽകും. ഇതിനായി 100 കോടി രൂപ വേണ്ടി വരും. സംസ്ഥാനത്തെ അന്ത്യോദയ, ബി.പി.എൽ ഒഴികെയുള്ള എല്ലാ കുടുംബങ്ങൾക്കും 10 കിലോ അരി സൗജന്യമായി നൽകാമെന്ന് അദ്ദേഹം അറിയിച്ചു, ഇതിനായി 100 കോടി രൂപ വേണ്ടിവരും
12. ഓണത്തിനു തുടങ്ങാനിരുന്ന ഭക്ഷണശാല 1000 സ്ഥലങ്ങളിൽ അടുത്ത മാസം തന്നെ തുടങ്ങാമെന്നും അവിടെ 20 രൂപ നിരക്കിൽ ഭക്ഷണം നൽകാമെന്നും ഇതിനായി 50 കോടി രൂപ അനുവദിക്കാമെന്നും അദ്ധേഹം അിറയിച്ചു.
13. ഹെൽത്ത് പാക്കേജിനായി 500 കോടി രൂപ നൽകാമെന്നും കുടിശ്ശിക ഇനത്തിൽ കൊടുത്ത് തീർക്കാനുള്ളവ ഏപ്രിൽ മാസത്തിൽ തന്നെ കൊടുക്കാമെന്നും അറിയിച്ചു.
14. ആകെ ഇരുപതിനായിരം കോടി രൂപയുടെ പാക്കേജ് അനുവദിച്ചു.
15. ഓട്ടോറിക്ഷാ-ടാക്സി എന്നിവയുടെ രജിസ്ട്രേഷൻ സമയത്ത് ഫിറ്റ്നസ് ചാർജ്ജിൽ ഇളവു നൽകാമെന്നും, ബസ്സുകളുടെ - കോൺട്രാക്ട്, സ്റ്റേറ്റ് കാരിയർ എന്നിവയുടെ ത്രൈമാസ നികുതിയിൽ ഒരു മാസത്തെ നികുതിയിൽ ഇളവു നൽകാമെന്നും അദ്ദേഹം അിറയിച്ചു. ഇതിനായി 23.60 കോടി രൂപ വേണ്ടവരുമെന്നും അിറയിച്ചു.

വൈകിട്ട് ആറര മണിക്ക് യോഗം അവസാനിച്ചു.

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. ഡി ജി പി
4. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
5. മുഖ്യമന്ത്രിയുടെ സെക്രട്ടറി
6. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
9. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ
10. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
12. അഡീഷണൽ ചീഫ് സെക്രട്ടറി പൊതു മരാമത്ത് വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
22. പ്ലാനിംഗ് ബോർഡ് മെമ്പർ
23. ഐ എം എ പ്രതിനിധി
24. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
25. മറ്റുള്ളവർ